Web site: www.kwa.kerala.gov.in 'ജലം ജീവാമൃതം' Fax: 91-0471-2324903
Tel : 0471-2328654

# KERALA WATER AUTHORITY

Jalabhavan
Thiruvananthapuram – 695033
Kerala – India

Draft #15 of File KWA/JB/E8/346/98 Vol.III Approved by Deputy Chief Engineer(GL) on 01-Dec-2022 10:24 PM - Page

## ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ജനറൽ) ന്റെ നടപടിക്രമം

*വിഷയം:-*കേരള ജല അതോറിറ്റി - ഭരണനിർവഹണം - ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്.II തസ്തികയിലുള്ള സ്ഥലംമാറ്റവും ഓവർസീയർ (ഗ്രേഡ്-III) തസ്തികയിൽ നിന്നും ഡ്രാഫ്റ്റ്സ്മാൻ (ഗ്രേഡ്-II) തസ്തികയിലേക്കുള്ള താൽക്കാലിക സ്ഥാനക്കയറ്റവും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## കേരള വാട്ടർ അതോറിറ്റി

നമ്പർ: കെ ഡബ്ല്യൂ എ/JB/E8/346/98 Vol.III തീയതി, തിരുവനന്തപുരം, 01.12.2022

---

*സൂചന:-* 1. ജി ഒ (പി) നം.403 തീയതി, 14.10.1966.

2. ജി.ഒ (പി) നം. 26/2016/ഡബ്ല്യൂ ആർ ഡി. തീയതി: 27.09.2016.

3. ജി.ഒ (പി) നം.222/1981/എൽ എ&എസ് ഡബ്ല്യൂ ഡി, തീയതി: 08.12.1981.

4. WP(C) No.17123/2012(M) ലെ IA No.5539/2015 ൽ 10.04.2015 തീയതിയിലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധി.

5. നമ്പർ.24213/ഇ4(ബി)/2018/കെഡബ്ല്യൂഎ ആയുള്ള 10.11.2022 തീയതിയിലെ സർക്കുലർ പ്രകാരമുള്ള ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്.2 ന്റെ സീനിയോരിറ്റി ലിസ്റ്റ്.

6. നമ്പർ.കെഡബ്ല്യൂഎ/ഇ2(ബി)/2571/2018 ആയുള്ള ചീഫ് എഞ്ചിനീയർ (എച്ച് ആർ ഡി & ജി എൽ) ന്റെ 29.01.2020 തീയതിയിലെ സർക്കുലർ.

7. No.KWA/JB/MD/101/2020 ആയുള്ള മാനേജിങ് ഡയറക്ടറുടെ 23.07.2020 തീയതിയിലെ നടപടിക്രമം.

### ഉത്തരവ്

കേരള ജല അതോറിട്ടിയിലെ ഡ്രാഫ്റ്റ്സ്മാൻ (ഗ്രേഡ്-II) തസ്തികയിലെ പ്രൊമോഷൻ വഴി നികത്തേണ്ടതും നേരിട്ടുള്ള നിയമനത്തിൽ നികത്തേണ്ടതുമായ ഒഴിവുകളുടെ അനുപാതം കെ.പി.എച്ച്.ഇ.എസ്. എസ്. സ്പെഷ്യൽ റൂൾ അനുസരിച്ച് 1:1 ആണ്. സൂചന-5 സർക്കുലർ പ്രകാരമുള്ള ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്.II ന്റെ സീനിയോരിറ്റി ലിസ്റ്റ് അനുസരിച്ച് പ്രൊമോഷൻ നൽകി നിയമിക്കേണ്ടതായ 09 ഒഴിവുകൾ നിലവിലുണ്ട്. ആയതിനാൽ ഈ 09 ഒഴിവുകളും സൂചന-6 സീനിയോറിറ്റി ലിസ്റ്റിലെ സീനിയർമാരായ മൂന്നാം ഗ്രേഡ് ഓവർസീയർമാരിൽ നിന്നും സ്ഥാനക്കയറ്റം നൽകി നിയമിച്ചുകൊണ്ട് 1:1 അനുപാതം പാലിക്കപ്പെടേണ്ടതാണ്.

പ്രസ്തുത അനുപാതം അനുസരിക്കുന്നതിലേക്കായി നിലവിൽ 09 ഒഴിവുകൾ സ്ഥാനക്കയറ്റം വഴി നികത്തേണ്ടതായിട്ടുണ്ട്. അതിനാൽ സൂചന-7 പ്രകാരമുള്ള സീനിയോരിട്ടി ലിസ്റ്റിലെ ഏറ്റവും സീനിയർ ആയ ഓവർസീയർ (ഗ്രേഡ്-III) ആയുള്ളവരെ ഡ്രാഫ്റ്റ്സ്മാൻ (ഗ്രേഡ്-II) തസ്തികയിലേക്ക് ₹.31100-83000 ശമ്പള സ്കെയിലിൽ താത്ക്കാലികമായി സ്ഥാനക്കയറ്റം നൽകി അവരവരുടെ പേരിന് നേരെയുള്ള ആഫീസുകളിൽ നിയമിച്ച് ഉത്തരവാകുന്നു.

<u>ഓവർസീയർ ഗ്രേഡ്.3 ൽ നിന്നുള്ള സ്ഥാനക്കയറ്റം</u>

| ക്രമ നമ്പർ | സീനി. ക്രമ നമ്പർ. | PEN | പേരും ആഫീസ് വിലാസവും | നിയമനം നൽകുന്ന ആഫീസ് വിലാസം |
|---|---|---|---|---|
| 1 | 151 | G45433 | സീത.പി<br>പി എച്ച് സെക്ഷൻ,ചേർത്തല | ഡബ്ല്യൂ എസ് പി സബ് ഡിവിഷൻ, വൈക്കം |
| 2 | 153 | G45319 | ശ്രീജ.ജി.ഉണ്ണി.എസ്<br>പി എച്ച് സെക്ഷൻ, തൈക്കാട്ടുശ്ശേരി | പി എച്ച് സെക്ഷൻ നം.2, മാവേലിക്കര |
| 3 | 155 | G12843 | സുനീറ.വി<br>പി എച്ച് സെക്ഷൻ, കോട്ടയ്ക്കൽ | പി എച്ച് സെക്ഷൻ, കൊണ്ടോട്ടി |
| 4 | 156 | G11915 | വിദ്യല.പി.വി<br>പി എച്ച് സെക്ഷൻ, കുമ്പള. | പി എച്ച് ഡിവിഷൻ,കാസറഗോഡ് |
| 5 | 157 | G12487 | അന്നമ്മ ജോൺ<br>പി.എച്ച് സെക്ഷൻ,കൊട്ടിയം | പി എച്ച് സെക്ഷൻ, കൊല്ലം |
| 6 | 158 | G14252 | ജിജിമോൾ.വി<br>ഡബ്ല്യൂ ഡബ്ല്യൂ സെക്ഷൻ , കഴക്കൂട്ടം | പി എച്ച് സബ് ഡിവിഷൻ,കവടിയാർ. |
| 7 | 159 | G13590 | ശാന്തി ഡി'കോസ്റ്റ<br>ഡബ്ല്യൂ ഡബ്ല്യൂ സെക്ഷൻ നം.2, വൈറ്റില | വാട്ടർ വർക്സ് സെക്ഷൻ നം.1, കരുവേലിപ്പടി, കൊച്ചി-05 |
| 8 | 160 | G13791 | വിജേഷ് കുപ്പത്തിൽ<br>ഡബ്ല്യൂ ഡബ്ല്യൂ സെക്ഷൻ നം.3, കണ്ണൂർ | പ്രോജക്റ്റ് ഡിവിഷൻ, മട്ടന്നൂർ |
| 9 | 161 | G45204 | ആശ തോമസ്<br>പി എച്ച് സെക്ഷൻ, വാടാനപ്പള്ളി. | പി എച്ച് സെക്ഷൻ, ഗുരുവായൂർ |

പ്രസ്തുത സ്ഥാനക്കയറ്റം കെ.എസ്&എസ്.എസ്.ആർ-ലെ നിലവിലുള്ള നിയമങ്ങൾ അനുസരിച്ചും WP(C) No.17123/2012(M) നം അതിനോടനുബന്ധിച്ചുള്ള മറ്റ് നിയമവ്യവഹാരങ്ങൾക്കും മേൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്ക് അനുസരിച്ചും തികച്ചും പ്രൊവിഷണൽ ആയിരിക്കും. സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നിലവിലെ നിയമങ്ങൾക്ക് അനുസരിച്ച് പുനർനിർണ്ണയം നടത്താവുന്നതാണ്. പ്രസ്തുത ജീവനക്കാരുടെ സ്ഥാനക്കയറ്റം നിലവിൽ വരുന്ന വിവരം വീഴ്ച വരുത്താതെ സേവനപുസ്തകങ്ങളിൽ നിയന്ത്രണാധികാരികൾ രേഖപ്പെടുത്തേണ്ടതും താമസംവിനാ പുതിയ ആഫീസിൽ ജോലിയിൽ പ്രവേശിക്കുന്നതിന് നിർദ്ദേശം നൽകികൊണ്ട് വിടുതൽ ചെയ്യേണ്ടതും ജീവനക്കാരന്റെ വിടുതൽ ജോലി പ്രവേശം സംബന്ധിച്ച വിവരങ്ങൾ ഈ ആഫീസിൽ അറിയിക്കേണ്ടതുമാണ്.

<u>സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരൻ ഈ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതി മുതൽ 15 ദിവസങ്ങൾക്കകം പുതിയ ആഫീസിൽ ജോലിക്ക് പ്രവേശിക്കാത്തപക്ഷം പ്രസ്തുത സ്ഥാനക്കയറ്റം മറ്റ് അറിയിപ്പുകളൊന്നും കൂടാതെ നിഷേധിക്കുന്നതായി കണക്കാക്കുന്നതാണ്.</u>

**സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരനെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുന്നോടിയായി ഈ ഉത്തരവിനൊടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന പ്രഖ്യാപനം ജീവനക്കാരന്റെ പക്കൽ നിന്നും നിയന്ത്രണാധികാരികൾ കൈപ്പറ്റേണ്ടതും ആയത് മേലൊപ്പ് പതിപ്പിച്ച് സേവനപുസ്തകത്തിൽ ചേർത്ത് സൂക്ഷിക്കേണ്ടതുമാണ്.**

Draft #15 of File KWA/JB/E8/346/98 Vol.III Approved by Deputy Chief Engineer(GL) on 01-Dec-2022 10:24 PM - Page 2

നിലവിലെ ആഫീസിൽ നിന്നും വിടുതൽ നൽകുന്നതിന് മുന്നോടിയായി ജീവനക്കാരനിൽ നിന്നും "മെമ്മോറണ്ടം ഓഫ് വർക്സ്" തയ്യാറാക്കി ചുമതല കൈമാറുന്ന ജീവനക്കാരനെയോ നിയന്ത്രണാധികാരി നിർദ്ദേശിക്കുന്ന ആൾക്കോ സെക്ഷനുമായി ബന്ധപ്പെട്ട ഫയലുകളും മറ്റ് രേഖകളും ഏൽപ്പിക്കേണ്ടതും ആയത് നിയന്ത്രണാധികാരി ബോധ്യപ്പെടേണ്ടതുമാണ്. അതിനു ശേഷം മാത്രമേ വിടുതൽ ഉത്തരവ് നൽകേണ്ടതുള്ളൂ. ആയത് സെക്ഷനിലെ തുടർപ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനും ആഫീസുകളിലെ സൂക്ഷിപ്പുകളുടെ ശാക്തീകരണത്തിനും ഉപകാരപ്രദമാകുന്നതിനായാണ്.

*(ഒപ്പ്)*

ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ജനറൽ )

സ്വീകർത്താവ്

എല്ലാ ജീവനക്കാർക്കും (നിയന്ത്രണ അധികാരികൾ മുഖാന്തിരം)

ഉത്തരവിന്റെ പകർപ്പ്

ചീഫ് എഞ്ചിനീയർ, .................................

സൂപ്രണ്ടിങ് എഞ്ചിനീയർ, .................

ഡയറക്ടർ, എസ് ആർ ഐ, നെട്ടൂർ

എക്സി. എഞ്ചിനീയർ, ക്വാളിറ്റി കൺട്രോൾ / ജനറം പി ഐ യു / പ്രോജക്ട് / പി എച്ച് / ഡബ്ല്യൂ എസ് / ഡബ്ല്യൂ ഡബ്ല്യൂ / സിവറേജ് ഡിവിഷൻ, ........................................

അസി. എക്സി. എഞ്ചിനീയർ,ക്വാളിറ്റി കൺട്രോൾ / ജനറം പി ഐ യു / പ്രോജക്ട് / പി എച്ച് / ഡബ്ല്യൂ എസ് / ഡബ്ല്യൂ ഡബ്ല്യൂ / സിവറേജ് സബ് ഡിവിഷൻ, ........................................

എംഡി യുടെ പി എ / സി ഇ (എച്ച് ആർ ഡി & ജന.) ന്റെ സി എ / ഡിസിഇ (ജന.) (വിജി.) /

സീനിയർ എ ഓ / എ ഓ(അഡ്മിൻ & എസ്റ്റ.) / എസ് എസ് / ജെ എസ് / ഫയൽ

ഡി.ബി.എ (പ്രസിദ്ധികരണത്തിനായി) # വെബ്സൈറ്റ്

Draft #15 of File KWA/JB/E8/346/98 Vol.III Approved by Deputy Chief Engineer(GL) on 01-Dec-2022 10:24 PM - Page 3

The document is digitally approved. Hence signature is not needed.

<u>**അപ്പൻഡിക്സ്.1**</u>

<u>**വാഗ്ദാനം നൽകൽ**</u>

നമ്പർ.**കെ ഡബ്ല്യു എ/JB/E8/346/98 Vol.III** ആയുള്ള 01.12.2022 തീയതിയിലെ ഉത്തരവിലൂടെ എനിക്ക് നടപ്പിൽ വരുന്ന ഡ്രാഫ്റ്റ്സ്മാൻ(ഗ്രേഡ്-2) ആയുള്ള സ്ഥാനക്കയറ്റം പൂർണ്ണമായും താൽകാലികമാണെന്ന് ഞാൻ,.......................................................................(പേര്) മനസിലാക്കുന്നു.

കൂടാതെ, നിലവിലുള്ള കോടതി വ്യവഹാരങ്ങളിന്മേലുണ്ടായേക്കാവുന്നതോ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായേക്കാവുന്നതോ ആയ ഏതെങ്കിലും ഉത്തരവുകൾക്ക് അനുസരിച്ച് തരംതാഴ്ത്തൽ നടത്തുന്നതിനും ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക തിരിച്ചടവുകൾക്കും പൂർണ്ണ സമ്മതമാണെന്ന് ഇതിനാൽ സമ്മതിച്ച് വാഗ്ദാനം നൽകുന്നു.

പേരും ഒപ്പും :
തീയതി :

പുതിയതായി ജോലിയിൽ പ്രവേശിക്കുന്ന
ആഫീസിലെ നിയന്ത്രണാധികാരിയുടെ ഒപ്പ്.
പേരും സ്ഥാനപ്പേരും വിലാസവും

**കെ ഡബ്ല്യു എ/JB/E8/346/98 Vol.III Dated,01.12.2022**

Draft #15 of File KWA/JB/E8/346/98 Vol.III Approved by Deputy Chief Engineer(GL) on 01-Dec-2022 10:24 PM - Page 4